പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1422 **16-10-2026-ൽ മറുപടിയ്ക്ക്**

കോൾ പാടശേഖരങ്ങളിൽ കുമ്മായം ലഭ്യമാക്കാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

പ്രൊഫ. സി. രവീന്ദ്രനാഥ് ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

(എ) കോൾ പാടശേഖരങ്ങളിലെ മണ്ണിലെ അമ്ലത കുറയ്ക്കുന്നതിനും ഉൽപ്പാദനക്ഷമത നിലനിർത്തുന്നതിനും ആവശ്യമായ കുമ്മായം കർഷകർക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിൽ വീഴ്ച സംഭവിക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോൾ പാടശേഖരങ്ങളിലെ മണ്ണിന്റെ അമ്ലത കുറയ്ക്കുന്നതിനും മണ്ണിന്റെ ഫലഭൂയിഷ്ഠതയും നെൽകൃഷിയുടെ ഉൽപാദനക്ഷമതയും നിലനിർത്തുന്നതിനും ആവശ്യമായ കുമ്മായം കർഷകർക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൃഷിവകുപ്പ് മുഖേന അർഹരായ കർഷകർക്ക് ആവശ്യമായ കുമ്മായം ലഭ്യമാക്കുന്നതിനും കൃഷിയിറക്കുന്നതിന് മുമ്പ് മണ്ണിന്റെ അമ്ലത നിയന്ത്രിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുകയും വിതരണ നടപടികൾ ഏകോപിപ്പിക്കുകയും ചെയ്തുവരുന്നു. കൂടാതെ, കുമ്മായ വിതരണത്തിൽ കാലതാമസം ഉണ്ടാകാതിരിക്കുന്നതിനും കോൾ പാടശേഖരങ്ങളിലെ നെൽകൃഷിയുടെ ഉൽപാദനക്ഷമത നിലനിർത്തുന്നതിനും ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മണലൂർ നിയമസഭാ മണ്ഡലത്തിൽ നിലവിൽ കുമ്മായത്തിന്റെ ആവശ്യകത എത്രയാണെന്നും കർഷകർക്ക് വിതരണം ചെയ്യുന്നതിന് ലഭ്യമാക്കിയ അളവ് എത്രയാണെന്നും വ്യക്തമാക്കാമോ;

മറുപടി: മണലൂർ നിയമസഭാ മണ്ഡലത്തിൽ കുമ്മായത്തിന്റെ ആകെ ആവശ്യകത 2,660 ഹെക്ടറാണ്. 2026-2027 സാമ്പത്തിക വർഷത്തിൽ സോയിൽ ഹെൽത്ത് മാനേജ്മെന്റ് ആൻഡ് പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് പദ്ധതിപ്രകാരം 222.6 ഹെക്ടർ പ്രദേശത്തേക്കുള്ള കുമ്മായം അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന ആവശ്യകത വിലയിരുത്തി ആവശ്യമായ കുമ്മായം അനുവദിക്കുന്നതിനും അർഹരായ കർഷകർക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, ജനകീയാസൂത്രണ പദ്ധതി, സുസ്ഥിര നെൽകൃഷി വികസന പദ്ധതി എന്നിവ മുഖേനയും കുമ്മായ വിതരണം നടപ്പിലാക്കിവരുന്നു.

(സി) കുമ്മായം ലഭിക്കുന്നതിൽ കാലതാമസമോ കുറവോ ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

മറുപടി: കോൾ പാടശേഖരങ്ങളിൽ കുമ്മായ വിതരണത്തിലെ കാലതാമസവും അളവിലുള്ള കുറവും സംബന്ധിച്ച പരാതികൾ പരിശോധിച്ച്, അർഹരായ കർഷകർക്ക് ആവശ്യമായ അളവിൽ കുമ്മായം

സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ആവശ്യമായ അളവിൽ ഗുണമേന്മയുള്ള കുമ്മായം കർഷകർക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

മറുപടി: കോൾ പാടശേഖരങ്ങളിലെ മണ്ണിന്റെ അമ്ലതയും പോഷകഘടകങ്ങളുടെ നിലയും മണ്ണ് പരിശോധനയിലൂടെ വിലയിരുത്തി, പരിശോധനാഫലത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ അളവിൽ ഗുണമേന്മയുള്ള കുമ്മായം കർഷകർക്ക് സമയബന്ധിതമായി ലഭ്യമാക്കിയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതിനായി കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുഖേന കുമ്മായത്തിന്റെ ആവശ്യകത കണക്കാക്കുകയും വിതരണത്തിൽ കാലതാമസം ഉണ്ടാകാതിരിക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ, വിതരണം ചെയ്യുന്ന കുമ്മായത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും കോൾ പാടശേഖരങ്ങളിലെ മണ്ണിന്റെ ഫലഭൂയിഷ്ഠതയും നെൽകൃഷിയുടെ ഉൽപ്പാദനക്ഷമതയും നിലനിർത്തുന്നതിനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) നെൽകൃഷി കർഷകർക്കാവശ്യമായ കുമ്മായ വിതരണത്തിനുള്ള അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

മറുപടി: നെൽകർഷകർക്ക് ആവശ്യമായ കുമ്മായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുമ്മായത്തിന്റെ ആവശ്യകതയുടെ അടിസ്ഥാനത്തിൽ അർഹരായ കർഷകർക്ക് കൃഷിയിറക്കുന്നതിന് ആവശ്യമായ സമയത്തിനുള്ളിൽ കുമ്മായം വിതരണം ചെയ്യുന്നതിനും അതിനാവശ്യമായ തുക അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ